LIBRARY ARCHIVES Kerala Legislative Assembly.

രാജീവ് റിൻ യോജന

293 (3274) ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജീവ് റിൻ യോജന (ആർ. ആർ. വൈ.) പദ്ധതി പ്രകാരം എത്ര അപേക്ഷകളാണ് ഇതുവരെ ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) അതിന്മേൽ എത്രയെണ്ണത്തിന് അനുമതി നൽകി : ഇനി എത്ര അപേക്ഷകളിൽ നടപടി സ്വീകരിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) രാജീവ് റിൻ യോജന (ആർ.ആർ.വൈ.) പദ്ധതി പ്രകാരം 8991 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ബാങ്കിൽ നിന്നും ലോൺ അനുവദിച്ചത് - 366

ബാങ്കിന്റെ പരിഗണനയിലുള്ള അപേക്ഷകൾ - 2066

നടപടി സ്വീകരിക്കാനുള്ള അപേക്ഷകൾ - 6559

നഗരസഭാ ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്നത് സംബന്ധിച്ച്

294 (3275) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭാ ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്നതു സംബന്ധിച്ച നയം വ്യക്തമാക്കാമോ ; ഇതു സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; സംഘടനകളുമായി ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ടോ ;

(ബി) നഗരസഭാ ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്നതു കൊണ്ട് അധിക ബാധ്യതയുണ്ടാകുമോ ; ഉണ്ടെങ്കിൽ എത്ര രൂപയുടേതാണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) നഗരസഭാ രംഗത്തെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുവാൻ നിയോഗിക്കപ്പെട്ട ശ്രീ. കുട്ടി അഹമ്മദ് കുട്ടി ചെയർമാനായ കമ്മിറ്റി നഗരസഭാ ജീവനക്കാരെ സർക്കാർ ജീവനക്കാരായി കണക്കാക്കി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഉണ്ടാകും. ഇപ്പോഴത്തെ നിലയിൽ പ്രതിവർഷം ഏകദേശം 220 കോടി രൂപയുടെ അധിക ബാധ്യതയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.